**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1085 10.08.2017 -ൽ മറുപടിക്ക്**

**<u>കണ്ടന്നൂരിൽ മേൽപ്പാലം നിർമ്മാണം</u>**

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ.എം. സ്വരാജ്** | **ശ്രീ. ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** |
| (എ) തൃപ്പൂണിത്തുറ മണ്ഡലത്തിലെ കുണ്ടന്നൂരിൽ മേൽപ്പാലം നിർമ്മിക്കുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി അറിയിക്കുമോ | (എ) 2017-18 ബജറ്റിൽ കിഫ്ബി പദ്ധതിയായി ഉൾപ്പെടുത്തിയിട്ടുണ്ട്.പ്രവൃത്തിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി റോഡ്സ് & ബ്രിഡ്ജസ് ഡവലപ്പ്മെന്റ് കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട് കുണ്ടന്നൂർ മേൽപ്പാല നിർമ്മാണത്തിനായുള്ള വിശദമായ പദ്ധതി രേഖ (ഡി.പി.ആർ) കിഫ്ബിയുടെ അനുമതിക്ക് സമർപ്പിച്ചിരിക്കുന്നു. |
| (ബി) പ്രസ്തുത നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ | (ബി) കിഫ്ബിയുടെ അനുമതി ലഭിക്കുന്ന മുറയ്ക്ക് ഈ പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്യാനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| (സി) മേൽപ്പാലത്തിന്റെ നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കുമെന്ന് അറിയിക്കുമോ? | (സി) പ്രവൃത്തി തുടങ്ങി 24 മാസം കൊണ്ട് പൂർത്തീകരിക്കാനാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. |

S. Bindu

**സെക്ഷൻ ഓഫീസർ**